## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T 2765 — 17.10.2016 -ൽ മറുപടിക്ക്

## ഉൾനാടൻ ജലാശയങ്ങളുടെ മലിനീകരണം തടയാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. കെ. ബഷീർ | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) സംസ്ഥാനത്തെ പ്രധാന വിനോദ സഞ്ചാരകേന്ദ്രങ്ങളായ ഉൾനാടൻ ജലാശയങ്ങളുടെ മലിനീകരണവും അതുമൂലമുള്ള ദുർഗന്ധവും വിനോദ സഞ്ചാരമേഖലയിൽ സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ ഗൗരവപൂർവ്വം വീക്ഷിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | എ) സംസ്ഥാനത്തെ പ്രധാന വിനോദ സഞ്ചാരകേന്ദ്രങ്ങളായ ജലാശയ ങ്ങളിലെ മാലിന്യ നിയന്ത്രണമടക്കമുള്ള സംഗതികൾ ഗൗരവമായി പരിഗണി ച്ചിട്ടുള്ളതാണ്. ഹൗസ് ബോട്ടുകളിൽ നിന്നും നേരിട്ട് സീവേജ് അടക്കമുള്ള ദ്രവമാലിന്യങ്ങൾ കായലിലേക്ക് തുറന്ന് വിടുന്നത് കർശനമായി നിയന്ത്രിക്കുന്ന തിനുള്ള ഉപാധികൾ ബോട്ടുകൾക്കുള്ള ലൈസൻസിനോടൊപ്പം നിഷ്കർഷി ച്ചിട്ടുണ്ട്. എല്ലാ ഹൗസ് ബോട്ടുകളിലും ബയോ ടോയ് ലറ്റ് സംവിധാനം നിർബ ന്ധമാക്കിയിട്ടുണ്ട്. കൂടാതെ കുമരകത്തും ആലപ്പുഴയിലും സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ ആഭിമുഖ്യ ത്തിൽ പ്രവർത്തിച്ചു വരുന്നു. |

കേരളത്തിലെ പ്രധാന വിനോദ സഞ്ചാര മേഖലയായ വേമ്പനാട് തടാകത്തിലെ മലിനീകരണവുമായി ബന്ധപ്പെട്ട് പഠനം നടത്തുന്നതിന് CWRDM-നെ ചുമതല പ്പെടുത്തുകയുണ്ടായി. ടി സ്ഥാപനം സമർപ്പിച്ച പഠന റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

ബി) സംസ്ഥാനത്ത് കായലുകളിൽ സർവ്വീസ് നടത്തുന്ന ഹൗസ് ബോട്ടു കളിലെ മാലിന്യങ്ങൾ കായലിൽ നിക്ഷേപിക്കാതെ സംസ്കരിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കാനാണ് ബോട്ടുടമകളോട് നിർദ്ദേശിച്ചിട്ടുള്ളത് ; ആയത് പാലിക്കാത്തതിന്റെ പേരിൽ എത്ര ബോട്ടു സർവ്വീസുകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ; ഇത്തരത്തിലുള്ള പരിശോധന എന്നാണ് അവസാനമായി നടത്തിയതെന്ന് വ്യക്തമാക്കുമോ;

ബി) മൂന്ന് മാസത്തിലൊരിക്കൽ കരയിൽ സ്ഥാപിച്ചിരിക്കുന്ന സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ ഹൗസ് ബോട്ടുകളിലെ ബയോ ടോയ് ലറ്റിൽ ശേഷിക്കുന്ന മാലിന്യം എത്തിച്ച് സംസ്കരിക്കണമെന്ന് ബോട്ടുടമ കളോട് നിർദ്ദേശിച്ചിട്ടുണ്ട്. നിലവിൽ ജലയാനങ്ങളിൽ നിന്നും മാലിന്യങ്ങൾ നേരിട്ട് ജലാശയങ്ങളിലേക്ക് പുറന്തള്ള പ്പെടുന്ന പ്രവണത ശ്രദ്ധിക്കപ്പെട്ടതിനാൽ ജലയാനങ്ങളുടെ പുതിയ രജിസ്ട്രേഷൻ പരിമിതപ്പെടുത്തിയിട്ടുണ്ട്. ബോട്ടുടമ കളുടെ സംഘടനകൾക്ക് രജിസ്ട്രേഷ നോടനുബന്ധിച്ച് വ്യക്തമായ നിർദ്ദേശം നൽകുന്നുണ്ട്. വിവിധ കുറ്റങ്ങൾക്കായി 53 ബോട്ടുകൾക്കെതിരെ നടപടി സ്വീകരി ക്കുകയും 38,500/- രൂപ പിഴയായി വസൂലാക്കുകയും ചെയ്തിട്ടുണ്ട്.

| | |
|---|---|
| സി) പ്രസ്തുത വിഷയത്തിനു പരിഹാരം കാണുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിവിധ വകുപ്പുകളുടെ ഏകോപനവും പൊതുജന പങ്കാളിത്തവും ആവശ്യമായ സാഹചര്യത്തിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ? | സി) ടൂറിസം, തുറമുഖം, പോലീസ്, മലിനീകരണ നിയന്ത്രണ ബോർഡ്, ജില്ലാ ഭരണ കൂടം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഹൗസ് ബോട്ട് ഉടമകളുടെ പ്രതിനിധികൾ തുടങ്ങിയവരുടെ യോഗം വിളിച്ചുകൂട്ടി ഓരോ വകുപ്പുകളും ചെയ്യേണ്ട കാര്യങ്ങളെപ്പറ്റി വിശദമായ ചർച്ചകൾ നടത്തിയിട്ടുണ്ട്. ആയത് സംബന്ധിച്ച തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.